# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1658

3/10/2011 ൽ മറുപടിക്ക്

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പെട്രോൾ/ഡീസൽ പമ്പുകൾ അനുവദിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ശ്രീ. ടി.എം.ജേക്കബ് (ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് സംവരണാടിസ്ഥാനത്തിൽ ലഭിച്ചിട്ടുള്ള പെട്രോൾ - ഡീസൽ പമ്പുകളും, ഗ്യാസ് ഏജൻസികളും ബിനാമികൾ തട്ടിയെടുക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ചുരുക്കം ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്ന് ഓയിൽ കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് നിയന്ത്രണമില്ല. |
| (ബി) | എത്ര പെട്രോൾ-ഡീസൽ ഗ്യാസ് ഏജൻസികൾ നാളിതുവരെ നൽകിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ; | (ബി) | നാളിതുവരെ കേരളത്തിൽ 1706 പെട്രോളിയം ചില്ലറ വിൽപ്പന കേന്ദ്രങ്ങളും 421 എൽ.പി.ജി വിതരണ ഏജൻസികളും അനുവദിച്ചിട്ടുണ്ട്. |
| (സി) | പട്ടികജാതി/പട്ടികവർഗ്ഗ, വിഭാഗങ്ങൾ സ്വന്തമായി നടത്തുന്ന പെട്രോൾ-ഡീസൽ ഗ്യാസ് ഏജൻസി കൾ എത്രയെന്ന് വ്യക്തമാക്കുമോ ; | (സി) | 221 പെട്രോളിയം ചില്ലറ വിൽപ്പന കേന്ദ്രങ്ങളും 97 എൽ.പി.ജി വിതരണ ഏജൻസികളും നടത്തുന്നുണ്ട്. |
| (ഡി | ബിനാമികളെ ഈ മേഖലയിൽ നിന്ന് ഒഴിവാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി | ക്രമക്കേടുകൾ കണ്ടെത്തിയാൽ ഓയിൽ കമ്പനികളുടെ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ് ലൈസൻസ് പ്രകാരം ഓയിൽ കമ്പനികൾ കർശന നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് ഓയിൽ കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.